# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2327 | 8/03/2017-ൽ മറുപടിക്ക്

## പിലാത്തറയിൽ കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ്

| | ചോദ്യം<br>**ശ്രീ.റ്റി.വി.രാജേഷ്** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (എ)<br>&<br>(ബി) | നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000 ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. കണ്ണൂർ ജില്ലയിലെ പഴയങ്ങാടി, പയ്യന്നൂർ, മാതമംഗലം എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പിലാത്തറ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ പഴയങ്ങാടി, പയ്യന്നൂർ, മാതമംഗലം എന്നീ സെക്ഷനുകളുടെ കാര്യത്തിൽ നിലവിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിച്ച് പിലാത്തറയിൽ പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.<br>പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും |
| (ബി) | പരിയാരം മെഡിക്കൽ കോളേജ്, ആയുർവേദ കോളേജ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിങ്ങനെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറയിൽ കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

(..2)

| | | | |
|---|---|---|---|
| | | | ഇപ്പോൾ പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുന: ക്രമീകരണം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ